# പാപങ്ങൾ മറക്കുന്ന ദൈവസ്നേഹം

## മീഖാ 7:18-19

'അകൃത്യം ക്ഷമിക്കയും തന്റെ അവകാശത്തിൽ ശേഷിപ്പുള്ളവരോടു അതിക്രമം മോചിക്കയും ചെയ്യുന്ന നിന്നോടു സമനായ ദൈവം ആരുള്ളു? അവൻ എന്നേക്കും കോപം വെച്ചുകൊള്ളുന്നില്ല; ദയയിലല്ലോ അവന്നു പ്രസാദമുള്ളതു. അവൻ നമ്മോടു വീണ്ടും കരുണ കാണിക്കും നമ്മുടെ അകൃത്യങ്ങളെ ചവിട്ടിക്കളയും; അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും.'

ദൈവത്തിന്റെ കരുണയുടെ വലിപ്പത്തെ ഈ വചനം ഓർപ്പിക്കുന്നു. നമ്മുടെ അകൃത്യങ്ങളെ മോചിക്കുവാൻ ഈ പ്രപഞ്ചത്തിൽ ദൈവമല്ലാതെ ആരുമില്ല. ദൈവത്തിനു സമനായി നമുക്കാരെയും സങ്കൽപ്പിക്കുവാനും സാധിക്കില്ല.

ദൈവസ്വഭാവവും മനുഷ്യസ്വഭാവവും തമ്മിലുള്ള ഒരു വലിയ അന്തരമുണ്ട്. മനുഷ്യർ നമ്മുടെ തെറ്റുകുറ്റുങ്ങൾ ഒരു പക്ഷേ ക്ഷമിക്കുമായിരിക്കും, എന്നാൽ മറക്കുന്നില്ല. മാനുഷിക സ്വഭാവം പലപ്പോഴും അന്യന്റെ തെറ്റുകളെ വീണ്ടും എടുത്തുയർത്തി കാണിച്ച് അവരെ വേദനിപ്പിക്കുന്നതാണ്. മനസ്തപിക്കുന്ന ഒരു പാപിയുടെ അകൃത്യങ്ങളെ ചവിട്ടിക്കളയുകയും അവയെ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയുകയും ചെയ്യുന്നതാണ് 'ദൈവസ്നേഹം.' ഒരിക്കൽ അവൻ നമ്മുടെ തെറ്റുകൾ ക്ഷമിച്ചു കഴിഞ്ഞാൽ അത് എന്നെന്നേക്കുമായി മായിച്ചു കളയുന്നു. ഇവിടെയാണ് കർത്താവിന്റെ കരുണയുടെ വലിപ്പത്തേയും, അവന്റെ വിലയേറിയ ദയയുടെ മഹിമയേയും നാം മനസ്സിലാക്കേണ്ടത്.

യെശയ്യാവു 43:25
"എന്റെ നിമിത്തം ഞാൻ, ഞാൻ തന്നേ, നിന്റെ അതിക്രമങ്ങളെ മായിച്ചുകളയുന്നു; നിന്റെ പാപങ്ങളെ ഞാൻ ഓർക്കയുമില്ല."

നമ്മുടെ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും ഒരിക്കലും ഭാഗികമല്ല. അവൻ തരുന്നതൊക്കെയും പൂർണ്ണതയിലാണ്. കാൽവറി കുരിശിൽ യാഗമായ കുഞ്ഞാടിന്റെ പൂർണ്ണമായ സമർപ്പണത്തിന്റെ പരിണിത ഫലമാണ് ഓരോ ദൈവപൈതലും അനുഭവിക്കുന്ന രക്ഷ. അതിനാൽ ക്രൂശിന്റെ പ്രത്യാശയിൽ നമുക്കും എപ്പോഴും ആശ്രയിക്കാം. നാം ചെയ്ത തെറ്റുകൾ ഏതു തരമായിക്കൊള്ളട്ടെ, എത്ര കഠിനതരമായിക്കൊള്ളട്ടെ... കർത്താവിന്റെ സന്നിധിയിൽ അതിനു പൂർണ്ണമായ പരിഹാരമുണ്ട്. 'നമ്മുടെ പാപങ്ങൾ എത്ര കടും ചുവപ്പായിരു

ന്നാലും അവയെ ഹിമം പോലെ അവൻ വെളുപ്പിക്കുന്നു. എന്നെന്നേക്കുമായി നമ്മുടെ അകൃത്യങ്ങളെ മായിച്ചുകളയാൻ കഴിവുള്ളവനായ കർത്താവിന്റെ കരങ്ങളിലേക്ക് നമ്മുടെ ജീവിതങ്ങളെ അനുദിനം സമർപ്പിക്കാം. തെറ്റുകൾ ഏറ്റുപറഞ്ഞ് സമാധാനത്തോടെ അവനോടൊപ്പം ജീവിക്കാം.

പരാമർശം :

യെശയ്യാവു 23:38:17
സമാധാനത്തിന്നായി എനിക്കു അത്യന്തം കൈപ്പായതു ഭവിച്ചു; എങ്കിലും നീ എന്റെ സകലപാപങ്ങളെയും നിന്റെ പിറകിൽ എറിഞ്ഞുകളഞ്ഞതുകൊണ്ടു എന്റെ പ്രാണനെ നാശക്കുഴിയിൽനിന്നു സ്നേഹത്തോടെ രക്ഷിച്ചിരിക്കുന്നു.

സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 002